1883
25/1/18

**കേരള സർക്കാർ**

പാ.കാ.വ-എ 2/1/2018/പാ.കാ.വ — പാർലമെന്ററികാര്യ (എ) വകുപ്പ്

തിരുവനന്തപുരം, തീയതി : 11/01/2018

## സർക്കുലർ

വിഷയം : പതിനാലാം കേരള നിയമസഭ — ഒൻപതാം സമ്മേളനം - സംബന്ധിച്ച്

പതിനാലാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനം 2018 ജനുവരി മാസം 22-ാം തീയതി തുടങ്ങുവാൻ തീരുമാനിച്ചിരിക്കുകയാണ്. പ്രസ്തുത സമ്മേളനത്തിന്റെ കലണ്ടറും സമ്മേളനകാലത്ത് മന്ത്രിമാർ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള ദിവസങ്ങളും വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടികയും താഴെ ചേർക്കുന്നു :-

### കലണ്ടർ

### 2018 ജനുവരി

| | |
|---|---|
| ജനുവരി 22, തിങ്കൾ | രാവിലെ 9.00 മണിയ്ക്ക് ഗവർണ്ണറുടെ പ്രസംഗം |
| ജനുവരി 23, ചൊവ്വ<br>ജനുവരി 24, ബുധൻ | : ഗവൺമെന്റ് കാര്യം |
| ജനുവരി 25, വ്യാഴം | : ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച. |
| ജനുവരി 26, വെള്ളി | : അവധി ദിവസം (റിപ്പബ്ലിക് ദിനം) |
| ജനുവരി 29, തിങ്കൾ | : സഭ ചേരുന്നതല്ല |
| ജനുവരി 30, ചൊവ്വ<br>ജനുവരി 31, ബുധൻ | : ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച. |
| | **2018 ഫെബ്രുവരി** |
| ഫെബ്രുവരി 1, വ്യാഴം | : ഗവൺമെന്റ് കാര്യം |
| ഫെബ്രുവരി 2, വെള്ളി | : രാവിലെ 9.00 മണിയ്ക്ക് 2018-2019 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റ് സമർപ്പണം. |
| ഫെബ്രുവരി 5, തിങ്കൾ<br>ഫെബ്രുവരി 6, ചൊവ്വ<br>ഫെബ്രുവരി 7, ബുധൻ | : 2018-2019 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച |

കുറിപ്പ്: - പ്രസ്തുത കലണ്ടർ ദൈനംദിന കാര്യക്രമത്തിലുണ്ടാകാവുന്ന മാറ്റങ്ങൾക്ക് വിധേയമാണ്.

| ചോദ്യോത്തരങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ദിവസങ്ങൾ | മന്ത്രിമാർ |
|---|---|
| 2018 ജനുവരി 23,<br>2018 ഫെബ്രുവരി 1 | മുഖ്യമന്ത്രി<br>ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി<br>ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി |
| 2018 ജനുവരി 24<br>2018 ഫെബ്രുവരി 5 | ധനകാര്യവും കയറും വകുപ്പുമന്ത്രി<br>വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി<br>വൈദ്യുതി വകുപ്പുമന്ത്രി<br>സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 2018 ജനുവരി 25<br>2018 ഫെബ്രുവരി 6 | പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി<br>വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി<br>ജലവിഭവ വകുപ്പുമന്ത്രി<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 2018 ജനുവരി 30<br>2018 ഫെബ്രുവരി 7 | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി<br>മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |
| 2018 ജനുവരി 31 | കൃഷി വകുപ്പുമന്ത്രി<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി<br>തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി |

## വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

### ശ്രീ.പിണറായി വിജയൻ, മുഖ്യമന്ത്രി

- പൊതുഭരണം
- അഖിലേന്ത്യാ സർവ്വീസുകൾ
- ആസൂത്രണവും സാമ്പത്തിക കാര്യവും
- ശാസ്ത്രവും സാങ്കേതികവിദ്യയും, പരിസ്ഥിതി
- ശാസ്ത്ര സ്ഥാപനങ്ങൾ
- ഉദ്യോഗസ്ഥ-ഭരണപരിഷ്കാരം
- തെരഞ്ഞെടുപ്പ്
- ഏകോപനം
- ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും

സൈനികക്ഷേമം
ദുരിതാശ്വാസം
സംസ്ഥാന ആതിഥ്യം
വിമാനത്താവളങ്ങൾ
മലിനീകരണ നിയന്ത്രണം
മെട്രോ റെയിൽ
അന്തർ സംസ്ഥാന നദീജലം
വിവര-പൊതുജന സമ്പർക്കം
പ്രവാസി കേരളീയകാര്യം
ആഭ്യന്തരം
വിജിലൻസ്
സിവിൽ-ക്രിമിനൽ നീതിന്യായ ഭരണം
അഗ്നി രക്ഷാസേവനങ്ങൾ
ജയിലുകൾ
അച്ചടിയും സ്റ്റേഷനറിയും
ജല ഗതാഗതം
ഉൾനാടൻ ജല ഗതാഗതം (ജലപാതകളുടെ നിർമ്മാണം)
കേരള കപ്പൽ ഗതാഗത - ഉൾനാടൻ ജലഗതാഗത കോർപ്പറേഷൻ
രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി
റോഡ് ഗതാഗതം
മോട്ടോർ വാഹനങ്ങൾ
മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

**ശ്രീ. എ.കെ. ബാലൻ, പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.**

പട്ടികജാതി / പട്ടികവർഗ്ഗ / പിന്നാക്കവിഭാഗ ക്ഷേമം
നിയമം
സാംസ്കാരിക കാര്യം
പാർലമെന്ററികാര്യം
കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്
കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ
കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

**ശ്രീ. ഇ. ചന്ദ്രശേഖരൻ, റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**

ലാൻഡ് റവന്യൂ
സർവ്വേയും ഭൂരേഖയും
ഭൂപരിഷ്കരണം
ഭവനനിർമ്മാണം

**ഡോ.കെ.ടി.ജലീൽ, തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി**

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും (തദ്ദേശസ്വയംഭരണം)
ഗ്രാമവികസനം
നഗര - ഗ്രാമാസൂത്രണം
പ്രാദേശിക വികസന അതോറിറ്റികൾ
കില
ന്യൂനപക്ഷ ക്ഷേമം
വഖഫും ഹജ്ജ് തീർഥാടനവും

**ശ്രീ. എം.എം. മണി, വൈദ്യുതി വകുപ്പുമന്ത്രി**

വൈദ്യുതി

**ശ്രീ. മാത്യു റ്റി. തോമസ്, ജലവിഭവ വകുപ്പുമന്ത്രി**

ജലസേചനം
കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി
ഭൂജലവികസനം
ശുദ്ധജല വിതരണവും ശുചീകരണവും

**ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ, മത്സ്യബന്ധനവും, ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി**

മത്സ്യബന്ധനം
തുറമുഖ എഞ്ചിനീയറിംഗ്
കശുവണ്ടി വ്യവസായം
ഫിഷറീസ് സർവകലാശാല

**ശ്രീ.എ.സി.മൊയ്തീൻ, വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി.**

വ്യവസായങ്ങൾ (വ്യവസായ സഹകരണ സംഘങ്ങൾ ഉൾപ്പെടെ)
വാണിജ്യം
ഖനനവും ഭൂവിജ്ഞാനവും
കൈത്തറിയും തുണിവ്യവസായവും
ഖാദിയും ഗ്രാമീണ വ്യവസായവും
കായിക യുവജനകാര്യം

**അഡ്വ.കെ. രാജു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി**

വനം
വന്യജീവി സംരക്ഷണം
മൃഗസംരക്ഷണം
ക്ഷീരവികസനവും ക്ഷീരസഹകരണ സംഘങ്ങളും
മൃഗശാലകൾ

**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി**

തുറമുഖങ്ങൾ
കാഴ്ചബംഗ്ലാവുകൾ
പുരാവസ്തു
പുരാരേഖ

**ശ്രീ. റ്റി.പി. രാമകൃഷ്ണൻ, തൊഴിലും, എക്സൈസും വകുപ്പുമന്ത്രി**

തൊഴിലും നൈപുണ്യവും
തൊഴിലും പരിശീലനവും
പുനരധിവാസം
ഫാക്ടറികളും ബോയിലറുകളും
ഇൻഷ്വറൻസ് മെഡിക്കൽ സേവനങ്ങൾ
വ്യവസായ ട്രൈബ്യൂണലുകൾ
എക്സൈസ്
തൊഴിൽ കോടതികൾ

**പ്രൊഫ. സി.രവീന്ദ്രനാഥ് , വിദ്യാഭ്യാസ വകുപ്പമന്ത്രി**

പൊതുവിദ്യാഭ്യാസം
കോളേജ് വിദ്യാഭ്യാസം
സാങ്കേതിക വിദ്യാഭ്യാസം
സർവകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, ആരോഗ്യ സർവകലാശാലകൾ ഒഴികെ)
പ്രവേശന പരീക്ഷകൾ
സാക്ഷരതാ പ്രസ്ഥാനം
നാഷണൽ കേഡറ്റ് കോർപ്പ്സ്
അഡീഷണൽ സ്കിൽസ് അക്വിസിഷൻ പ്രോഗ്രാം (ASAP)

**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ, ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി**

ആരോഗ്യം
കുടുംബക്ഷേമം
ആരോഗ്യ വിദ്യാഭ്യാസം
ആയുഷ്
ആരോഗ്യ സർവ്വകലാശാല
ഡ്രഗ്സ് കൺട്രോൾ
സാമൂഹ്യനീതി

**ശ്രീ. ജി. സുധാകരൻ, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി**

പൊതുമരാമത്ത്
രജിസ്ട്രേഷൻ
തപാലും കമ്പിത്തപാലും
റെയിൽവേ

**ശ്രീ. വി.എസ്.സുനിൽ കുമാർ, കൃഷി വകുപ്പമന്ത്രി**

കാർഷിക വികസനവും കർഷകക്ഷേമവും
മണ്ണ് പരിശോധനയും മണ്ണ സംരക്ഷണവും
കാർഷിക സർവകലാശാല
വെറ്ററിനറി സർവ്വകലാശാല
വെയർഹൗസിംഗ് കോർപ്പറേഷൻ

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി**

സഹകരണം
വിനോദസഞ്ചാരം
ദേവസ്വം

**ശ്രീ. പി. തിലോത്തമൻ, ഭക്ഷ്യവും, സിവിൽ സപ്ലൈസും വകുപ്പമന്ത്രി**

ഭക്ഷ്യവും പൊതുവിതരണവും
ഉപഭോക്തൃകാര്യം
അളവുകളും തൂക്കങ്ങളും

**ഡോ. ടി.എം. തോമസ് ഐസക്, ധനകാര്യവും കയറും വകുപ്പുമന്ത്രി**

ധനകാര്യം
ദേശീയ സമ്പാദ്യ പദ്ധതി
സ്റ്റോർ പർച്ചേസ്
വാണിജ്യ നികുതി
കാർഷികാദായ നികുതി
ട്രഷറികൾ
ഭാഗ്യക്കുറി
സംസ്ഥാന ഓഡിറ്റ്
കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ
കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്
സംസ്ഥാന ഇൻഷുറൻസ്
സ്റ്റാമ്പുകളും സ്റ്റാമ്പ് ഡ്യൂട്ടിയും
കയർ

സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളും നിയമസഭാ ചോദ്യങ്ങളും അസംബ്ലി സംബന്ധമായ മറ്റെല്ലാ പേപ്പറുകളും യഥാസമയം (അവധിയുൾപ്പെടെ എല്ലാ ദിവസവും) കൈപ്പറ്റിയതായും നടപടി എടുത്ത് സമർപ്പിച്ചതായും ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 47 (1) പ്രകാരം ചോദ്യങ്ങൾക്കുള്ള മറുപടി, ചോദ്യം സഭയിൽ വരുന്ന ദിവസത്തിന് തൊട്ടു മുന്നിലെ ദിവസം വൈകുന്നേരം 5 മണിയ്ക്ക് മുൻപ് തന്നെ നിയമസഭാ സെക്രട്ടേറിയറ്റിലെ ചോദ്യ വിഭാഗത്തിൽ എത്തിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഭരണ വകുപ്പ് തലവൻമാർ അവരുടെ ചുമതലയിലുള്ള വകുപ്പുകളുടെ മേധാവികൾക്കും ഓഫീസുകൾക്കും ഇക്കാര്യത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ ആവശ്യപ്പെട്ടു കൊണ്ടുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. അതതു വകുപ്പുകളുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അവർക്കു നിശ്ചയിച്ചിട്ടുള്ള ദിവസങ്ങളിൽ കൃത്യമായും സഭയിൽ ഹാജരാകേണ്ടതാണ്. കൂടാതെ 24/10/2016-ലെ 952/എസ്.സി1/ 2016/പൊ.ഭ (എസ്.സി) വകുപ്പ് നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

**പോൾ ആന്റണി**
**ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും/ സ്പെഷ്യൽ സെക്രട്ടറിമാർക്കും
നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്.
വെബ് ആന്റ് ന്യൂ മീഡിയ. (ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ